

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/10/2023.

1. രുചിമേളവുമായി കേരളീയം. ഭക്ഷണപ്രിയർക്കായി നാട്ടുരുചികളൊരുക്കാൻ കേരളീയം ഭക്ഷ്യമേള. നവംബർ ഒന്നുമുതൽ ഏഴുവരെ തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന മലയാളത്തിന്റെ മഹോത്സവം. 11 വ്യത്യസ്തതരത്തിലുള്ള ഭക്ഷ്യമേളകളാണ് ഒരാഴ്ച നഗരത്തിൽ രുചിലോകം തീർക്കാനെത്തുന്നത്. തട്ടുകട ഭക്ഷണം മുതൽ പഞ്ചനക്ഷത്ര ഭക്ഷണം വരെ കേരളീയത്തിലെ സന്ദർശകർക്ക് ആസ്വദിക്കാനാകുന്ന തരത്തിലാണ് രുചിമേളം ഒരുക്കുന്നത്. കേരളത്തിലെ തനത് വിഭവങ്ങൾ അണിനിരത്തിക്കൊണ്ട് കനകക്കുന്നിൽ നടക്കുന്ന ബ്രാൻഡഡ് ഫുഡ് ഫെസ്റ്റിവൽ ആണ് മേളയിലെ പ്രധാന ആകർഷണം.

2. ചക്കയുടെ സംരംഭകർക്കായി ഏകദിന ശില്പശാല തിരുവനന്തപുരം ആനയറയിൽ സ്ഥിതി ചെയ്യുന്ന സമേതി പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 19ന് സംഘടിപ്പിക്കുന്നു. ചക്കയുടെ വാണിജ്യപരമായ ഇനങ്ങൾ, ആഗോളതലത്തിൽ മൂല്യ വർധനവിനുള്ള സാധ്യത, വിവിധ മൂല്യവർധിത ഉത്പന്നങ്ങൾ, യന്ത്രവൽക്കരണം, സാങ്കേതിക വിദ്യ തുടങ്ങിയ വിവിധ വിഷയങ്ങൾ, പാനൽ ചർച്ച തുടങ്ങിയവ ശില്പശാലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .സംരംഭകർക്ക് പ്രസ്തുത വിഷയങ്ങളിൽ പ്രാവീണ്യം നേടിയ വിദഗ്ധരുമായി മുഖാമുഖം സംവദിക്കാനുള്ള അവസരവും ശിൽപശാലയിൽ ലഭ്യമാക്കുന്നുണ്ട്. ശിൽപശാലയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള സംരംഭകർ ഒക്ടോബർ 13 നകം https://forms.office.com/r/9ayxXgx3XF എന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 1800-425-1661, 9447051661 (വാട്സ്ആപ്പ്)

3. കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന വൈഗ അന്താരാഷ്ട്ര ശില്പശാലയുടെയും കാർഷിക പ്രദർശനങ്ങളുടെയും പ്രചരണാർത്ഥം ഒരു ലോഗോ തയ്യാറാക്കുന്നതിനായി മത്സരാടിസ്ഥാനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ വ്യക്തികളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. തയ്യാറാക്കിയ ലോഗോ പി. എൻ. ജി. ഫോർമാറ്റിൽ 18/10/2023ന് 3 മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ piofibtvm@gmail.com എന്ന ഈ-മെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 -2318186 എന്ന നമ്പറിൽ ബന്ധപ്പെടുക. മികച്ച ലോഗോയുടെ തെരഞ്ഞെടുപ്പ്

സംബന്ധിച്ച അന്തിമ തീരുമാനം ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ സ്വീകരിക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന മികച്ച ലോഗോയ്ക്ക് ആകർഷകമായ ക്യാഷ് പ്രൈസ് നൽകുന്നതാണ്.

4. കാർഷിക സർവകലാശാല, കാർഷിക കോളേജ്, പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കാബേജ്, കോളിഫ്ലവർ തൈകൾ വില്പനയ്ക്ക് ലഭ്യമാണ്. സമയം രാവിലെ 9 മണി മുതൽ 4.30 വരെ. ഫോൺ നമ്പർ: 9188248481

5. തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി നാളികേര വികസന ബോർഡ്, തെങ്ങിന്റെ ചങ്ങാതിമാർക്കായി (എഫ്ഒസി) കോൾ സെന്റർ ഉടൻ ആരംഭിക്കും. കേരളത്തിലെവിടെയുമുള്ള കേര കർഷകർക്ക് വിളിപ്പുറത്ത് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കുകയെന്നതാണ് കോൾ സെന്റർ സ്ഥാപിക്കുന്നതിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്. ബോർഡിന്റെ ആസ്ഥാനമായ കൊച്ചിയിലാണ് കേരളത്തിലെ കോൾ സെന്ററിന്റെ പ്രവർത്തനം. വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, നഴ്സറി പരിപാലനം, കൃത്രിമ പരാഗണം, വിത്തുതേങ്ങ സംഭരണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 (Extn : 137) എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള മറ്റു ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാം. ഇതിനായി 8848061240 എന്ന നമ്പറിൽ ബന്ധപ്പെടുകയോ, പേര്, മേൽവിലാസം, ബ്ലോക്ക്/പഞ്ചായത്ത്, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ വാട്ട്സ് ആപ്പ് സന്ദേശമായി ഈ നമ്പരിൽ അയക്കേണ്ടതാണ്.

## പരിശീലന പരിപാടി

6. കേരളവെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂക്കോട് ഡയറി സയൻസ് കോളേജിൽ 17,18 തിയ്യതികളിലായി നെയ്യ്, തൈര് എന്നീ പാലുല്പന്നങ്ങളുടെ ശാസ്ത്രീയമായ ഉല്പാദനരീതിയിൽ പരിശീലനം നൽകുന്നു. താല്പര്യമുള്ള ക്ഷീരകർഷകരും സംരംഭകരും ഒക്ടോബർ 13 മുമ്പായി 9400587443, 9744975460 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർചെയ്യുക. രജിസ്ട്രേഷൻഫീസ് 2000/- രൂപ.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഈമാസം 12ന് രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ് പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

8. വെള്ളായണി അഗ്രി കാർഷിക കോളേജിൽ കൂൺ കൃഷി പരിശീലനം എന്ന വിഷയത്തിൽ ഈ മാസം 11ന് ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ 8891540778, 8281527584.

9. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ തീറ്റപുൽ കൃഷി സമഗ്ര പരിശീലനം ഈ മാസം 11,12 (ഒക്ടോബർ 11, 12) തിയതികളിൽ നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893159 ലേക്ക് വാട്ട്സ്ആപ്പ് ചെയ്യുകയോ 0471-2501706 ൽ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ , ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2023 ഒക്ടോബർ 16, 17 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രചഃ കമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ **training@rubberboard.org.in** എന്ന ഇ മെയിലിലോ ബന്ധപ്പെടേണ്ടതാണ്.